(ഡി) ചട്ടങ്ങൾ ലംഘിച്ച് ബോർഡും ലൈറ്റും ഉപയോഗിക്കുന്നവർക്കെതിരെ കേന്ദ്ര മോട്ടോർ വാഹന നിയമം 177 അനുസരിച്ച് പിഴ ഈടാക്കാവുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ്സിൽ ടിക്കറ്റെടുക്കാതെയുള്ള യാത്ര തടയാൻ നടപടി

56 [1363] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, എം. മുരളി:

,, കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സഞ്ചരിക്കുന്നവർ ടിക്കറ്റ് വാങ്ങി യാത്ര ചെയ്യാത്ത പക്ഷം അതിനുള്ള ഉത്തരവാദിത്വം ആർക്കാണ്;

(ബി) ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്ന യാത്രക്കാർ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടാറുണ്ടോ;

(സി) ടിക്കറ്റില്ലാതെ കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽ ഇതു സംബന്ധിച്ച് ഉത്തരവാദിത്വം നിക്ഷിപ്തമാക്കാത്തതെന്തുകൊണ്ടാണ്; ഇതിനുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള നിയമം അനുസരിച്ചു കണ്ടക്ടർക്കും യാത്രക്കാർക്കും ഉത്തരവാദിത്വം ഉണ്ട്. 1988-ലെ മോട്ടോർ വാഹന നിയമം അനുസരിച്ച് ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യുന്നവരിൽ നിന്നും 500 രൂപാ വരെ പിഴ ചുമത്താൻ വ്യവസ്ഥയുണ്ട്.

(ബി) ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നത് കണ്ടുപിടിച്ചാൽ ശിക്ഷിക്കപ്പെടാറുണ്ട്.

(സി) 1988-ലെ മോട്ടോർ വാഹന നിയമം ഇത് സംബന്ധിച്ചുള്ള ഉത്തരവാദിത്വം യാത്രക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

പ്രൈവറ്റ് ബസ്സുകൾ ചട്ടങ്ങൾ ലംഘിച്ച് സർവ്വീസ് നടത്തുന്നതിനെതിരെ നടപടി

57 [1364] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര പ്രൈവറ്റ് ബസ്സുകൾക്ക് റൂട്ട് പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രൈവറ്റ് ബസ്സുകളുടെ സുരക്ഷ, സഞ്ചാര ദൈർഘ്യം, സമയക്രമം, യാത്രക്കാരെ കയറ്റി ഇറക്കൽ, പാർക്കിംഗ് എന്നിവയുടെ ചട്ടങ്ങൾ പാലിക്കുമെന്ന് ഉറപ്പ് വരുത്തുന്ന സംവിധാനം എന്താണ്;

(സി) 2003-2004 വർഷങ്ങളിൽ ചട്ടങ്ങൾ ലംഘിച്ചതിന് എത്ര കേസ്സുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(ഡി) പ്രൈവറ്റ് ബസ്സുകളുടെ റൂട്ട്, യാത്രക്കാരുടെ വെയിറ്റിംഗ് പോയിന്റിംഗ് എന്നിവ പുനരാലോചനയ്ക്ക് വിധേയമാക്കുമോ;

(ഇ) പ്രൈവറ്റ് ബസ്സുകളുടെ മൽസര ഓട്ടം നിയന്ത്രിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ;

(എഫ്) കിഴക്കേക്കോട്ട, സ്റ്റാച്ചു, പാളയം, പി. എം. ജി. സ്റ്റോപ്പുകളിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകൾക്കും യാത്രക്കാർക്കും അസൗകര്യം സൃഷ്ടിക്കുന്ന വിധത്തിൽ വളരെ കൂടുതൽ സമയം പ്രൈവറ്റ് ബസ്സുകൾ നിർത്തി ഇടുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ജി) പ്രൈവറ്റ് ബസ്സുകളുടെ സഞ്ചാര ക്രമീകരണത്തിലെ അനാസ്ഥയുടെ ഫലമായി ജോലിക്കിടയിൽ അന്തരിച്ച ചെക്കിംഗ് ഇൻസ്പെക്ടർ ശ്രീ. മുഹമ്മദ് ബഷീറിന്റെ സന്തപ്ത കുടുംബത്തിന് അടിയന്തിരമായി/നിയമാനുസരണമുള്ള ആശ്വാസ നടപടികൾ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 50 റൂട്ടുകളിൽ 100 പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നിരന്തരം പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

(സി) 223 (ഇരുന്നൂറ്റി ഇരുപത്തിമൂന്ന്).

(ഡി) ഇക്കാര്യം പൊതുജനങ്ങളുടെ ആവശ്യപ്രകാരം റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയ്ക്ക് പുനരാലോചനയ്ക്ക് വിധേയമാക്കാവുന്നതേയുള്ളൂ.

(ഇ) ഇവയുടെ മൽസര ഓട്ടം, അമിത വേഗത എന്നിവ നിയന്ത്രിക്കുവാൻ മോട്ടോർ വാഹന വകുപ്പിലെ മൊബൈൽ സ്ക്വാഡ്, സ്പീഡ് ട്രെയ്സർ, എൻഫോഴ്സ്മെന്റ് സ്ക്വാഡ് മുതലായവ കർശനമായ പരിശോധന നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(എഫ്) സമയനിഷ്ഠ പാലിക്കുന്നതിന് വാഹന ഉടമകൾക്കും ജീവനക്കാർക്കും പ്രത്യേക നിർദ്ദേശം നൽകുകയും അത് പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ കർശനമായ പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly